<u>15 -ാം കേരള നിയമസഭ</u>

<u>16 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1117</u> <u>02-02-2026 - ൽ മറുപടിയ്ക്ക്</u>

<u>പിറവം മണ്ഡലത്തിലെ ജലജീവൻ മിഷൻ പദ്ധതികൾ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജലജീവൻ മിഷൻ പദ്ധതികൾ പൂർത്തീകരിക്കുന്നതിൽ കാലതാമസം നേരിടുന്നതിന്റെ കാരണങ്ങൾ വിശദമാക്കാമോ; | (എ) | ഫണ്ടിന്റെ അപര്യാപ്തത പ്രവൃത്തികളുടെ പുരോഗതിയെ നിലവിൽ ബാധിച്ചിട്ടുണ്ട്. 2025-26 സാമ്പത്തിക വർഷം ഇതു വരെ കേന്ദ്ര വിഹിതം ലഭ്യമായിട്ടില്ല. പദ്ധതി നടപ്പിലാക്കുന്നതിനായി ആവശ്യമായ ഭൂമി ലഭ്യമാക്കുന്നതിൽ നേരിടുന്ന കാലതാമസം പദ്ധതിയുടെ പുരോഗതിയെ ബാധിച്ചു. കൂടാതെ, പൊതുനിരത്തുകളിൽ പൈപ്പുകൾ സ്ഥാപിക്കുന്നതിനായി ദേശീയ പാത, പൊതുമരാമത്ത്, റെയിൽവേ, വനം മുതലായ വിവിധ ഏജൻസികളിൽ നിന്നും അനുമതി ലഭിക്കുന്നതിനുള്ള കാലതാമസവും പദ്ധതിനിർവ്വഹണത്തിൽ തുടക്കത്തിൽ കാലതാമസം വരുത്തിയിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ ജലജീവൻ മിഷൻ പ്രവൃത്തികളുടെ എത്ര ശതമാനം പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്; കണക്കുകൾ ലഭ്യമാക്കാമോ; | (ബി) | സംസ്ഥാനത്ത് 2020ൽ പദ്ധതി പ്രവർത്തനം തുടങ്ങുന്ന സമയത്ത് 17.50 ലക്ഷം വീടുകളിൽ മാത്രമാണ് കണക്ഷൻ ഉണ്ടായിരുന്നത് (25.06%). JJM ലൂടെ 54.45 ലക്ഷം കുടിവെള്ള കണക്ഷനുകൾ നൽകാനായി 44714.79 കോടി രൂപയുടെ ഭരണാനുമതി നൽകിയതിൽ 21.31 ലക്ഷം കണക്ഷനുകൾ നൽകി. നിലവിൽ സംസ്ഥാനത്ത് ഗ്രാമീണ മേഖലയിൽ ആകെയുള്ള 69.82 ലക്ഷം വീടുകളിൽ 38.81 ലക്ഷം വീടുകളിൽ കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കിയിട്ടുണ്ട് (55.59%).<br><br>ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ 17.27 ലക്ഷം വീടുകളിൽ കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്. ഇത് അനുമതി ലഭിച്ച കണക്ഷനുകളുടെ 31.72% വരും |
| (സി) | പിറവം നിയോജക മണ്ഡലത്തിൽ ജലജീവൻ മിഷൻ പ്രവർത്തനങ്ങളിൽ പുരോഗതി ഉണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കണക്കുകൾ പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ; | (സി) | പിറവം നിയോജക മണ്ഡലത്തിൽ ജലജീവൻ മിഷൻ മിഷന്റെ പുരോഗതിയുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരം **<u>അനുബന്ധമായി</u>** ചേർക്കുന്നു. |
| (ഡി) | ജലജീവൻ മിഷൻ പദ്ധതി പ്രകാരം കരാർ എടുത്തു പണിപൂർത്തീകരിച്ചതിൽ, കരാറുകാർക്ക് എത്ര തുക കുടിശ്ശിക നൽകാനുണ്ട്; | (ഡി) | ജലജീവൻ മിഷൻ പദ്ധതി പ്രകാരം നിലവിൽ പൂർത്തീകരിച്ച പ്രവൃത്തികളുടെ വകയിൽ കരാറുകാർക്ക് 18.12.2025ലെ കണക്ക് പ്രകാരം 6886.39 കോടി രൂപ (6340 ബില്ലുകൾ - 2024 മാർച്ച് മുതലുള്ളത്) കുടിശ്ശിക നല്കുവാനുണ്ട്. |

(ഇ) കടിശ്ശിക സംബന്ധിച്ച വിശദാംശങ്ങൾ വർഷം തിരിച്ച് ലഭ്യമാക്കാമോ; പ്രസ്തുത തുക എന്നത്തേക്ക് നൽകാൻ കഴിയും എന്ന് അറിയിക്കാമോ?

(ഇ) 31/12/2025-ലെ കണക്ക് പ്രകാരം മൊത്തം കടിശ്ശിക 6964 കോടി രൂപയാണ്. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**Details of Pending Bills under Jal Jeevan Mission**

| **Year** | **Month** | **Pending Amount** |
|---|---|---|
| 2024 | March | 3,26,40,45,056.00 |
| 2024 | April | 3,38,55,14,579.00 |
| 2024 | May | 3,15,99,15,326.00 |
| 2024 | June | 3,74,20,02,574.88 |
| 2024 | July | 3,58,58,67,301.00 |
| 2024 | August | 2,80,08,18,746.00 |
| 2024 | September | 2,84,69,71,907.00 |
| 2024 | October | 3,62,54,91,417.00 |
| 2024 | November | 3,61,49,03,736.00 |
| 2024 | December | 3,44,56,83,101.00 |
| 2025 | January | 3,48,31,47,785.00 |
| 2025 | February | 3,92,20,18,608.00 |
| 2025 | March | 4,15,57,98,872.31 |
| 2025 | April | 3,37,48,62,978.00 |
| 2025 | May | 2,63,86,90,749.00 |
| 2025 | June | 4,07,78,29,781.00 |
| 2025 | July | 3,02,99,05,457.00 |
| 2025 | August | 2,23,90,84,260.00 |
| 2025 | September | 2,06,45,73,639.00 |
| 2025 | October | 2,57,91,77,431.29 |
| 2025 | November | 2,69,32,29,856.00 |
| 2025 | December | 1,91,47,78,456.00 |
| | **Total** | **69,64,43,11,616.48** |

ജലജീവൻ മിഷൻ പദ്ധതിയുടെ സംസ്ഥാന വിഹിതം കണ്ടെത്തുന്നതിനായി നബാർഡിൽ നിന്നും 9000 കോടി രൂപ വായ്പ എടുക്കുവാൻ 09/09/2025 ലെ മന്ത്രിസഭായോഗം അംഗീകാരം നൽകിയിട്ടുണ്ട്. ആയതിൽ 5000 കോടി രൂപ നബാർഡിൽ നിന്നും അനുവദിക്കുകയും ചെയ്തു. പ്രസ്തുത തുക സർക്കാരിൽ നിന്ന് ലഭിച്ച നിർദ്ദേശപ്രകാരം കേരള വാട്ടർ അതോറിറ്റി 0215-01-102-98 എന്ന ഹെഡ് ഓഫ് അക്കൗണ്ടിലേക്ക് അടവാക്കുകയും ഈ തുകയിൽ നിന്ന് 20/01/2026-ലെ ഉത്തരവ് പ്രകാരം 3750 കോടി രൂപ തിരികെ കേരള വാട്ടർ അതോറിറ്റിക്ക് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ നിന്നും ആദ്യഗഡുവായി 2000 കോടി രൂപ 23/01/2026-ൽ കേരള വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | ജലജീവൻ മിഷന്റെ സീനിയോറിറ്റി ലിസ്റ്റ് പ്രകാരം കുടിശ്ശിക തുകകൾ നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| പഞ്ചായത്ത് | ആകെ ഗ്രാമീണ വീടുകൾ | JJM ന് മുൻപ് ഉണ്ടായിരുന്ന കണക്ഷൻ | JJM തുടങ്ങിയ ശേഷം നൽകിയ കണക്ഷൻ | നിലവിൽ മൊത്തം കണക്ഷൻ | ഇനി നൽകാനുള്ള കണക്ഷൻ | ഭരണാനുമതി നൽകിയ കണക്ഷൻ | ഭരണാനുമതി തുക (ലക്ഷം) |
|---|---|---|---|---|---|---|---|
| ആമ്പല്ലൂർ | 7417 | 3235 | 1730 | 4965 | 2452 | 4222 | 3056.64 |
| ചോറ്റാനിക്കര | 8728 | 1900 | 1657 | 3557 | 5171 | 9188 | 8883.20 |
| എടയ്ക്കാട്ടുവയ | 6149 | 2385 | 1489 | 3874 | 2275 | 3764 | 3073.70 |
| ഇലഞ്ഞി | 4406 | 1820 | 900 | 2720 | 1686 | 2579 | 4213.60 |
| മനീട് | 5144 | 2351 | 977 | 3328 | 1816 | 3551 | 2774.98 |
| മുളന്തുരുത്തി | 7460 | 3232 | 1527 | 4759 | 2701 | 4828 | 3733.68 |
| പാമ്പാക്കുട | 5194 | 2269 | 966 | 3235 | 1959 | 2925 | 4357.98 |
| രാമമംഗലം | 4171 | 1777 | 860 | 2637 | 1534 | 2394 | 5241.66 |
| തിരുമാറാടി | 5093 | 1363 | 1270 | 2633 | 2460 | 3714 | 4737.56 |
| **ആകെ** | **53762** | **20332** | **11376** | **31708** | **22054** | **37165** | **40073.00** |